I ഇ.ബി. XV - കേരള നിയമസഭ/VI-7

# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 സെപ്റ്റംബർ 1, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

ഇക്കോസെൻസിറ്റീവ് സോൺ

മി. സ്പീക്കർ: കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ വരുന്ന മനുഷ്യവാസകേന്ദ്രങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇക്കോസെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന 31.10.2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കാത്തതും സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് പരിസ്ഥിതിലോല മേഖലയാക്കിയാൽ ബാധിക്കുന്ന നിർമ്മിതികളും മറ്റുവിവരങ്ങളും

സംബന്ധിച്ച റിപ്പോർട്ട് മൂന്നുമാസത്തിനകം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതുംമൂലം കർഷകസമൂഹത്തിന് ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ജനവാസ കേന്ദ്രങ്ങളുൾപ്പെടെയുള്ള ഇടങ്ങളിൽ 0-1 കി.മീറ്റർ വരെ ഇക്കോസെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപനം തയ്യാറാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കരട് വിജ്ഞാപനത്തിന്മേൽ പൊതുജനങ്ങളുടെ ആക്ഷേപങ്ങൾകൂടി പരിഗണിച്ചതിനുശേഷം ജനസാന്ദ്രത കൂടിയതും സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതുമായ പ്രദേശങ്ങളെ പൂർണ്ണമായും ബഫർ സോണിൽനിന്നും ഒഴിവാക്കുന്നതിനാണ് 28.9.2020-ന് ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. സുപ്രീംകോടതി വിധി നിലനിൽക്കെ പുതിയൊരു തീരുമാനം കൈക്കൊണ്ടുവെന്ന തെറ്റായ

സന്ദേശം ഉണ്ടാകാതിരിക്കാനാണ് ഉത്തരവ് പിൻവലിക്കാതിരുന്നത്. 2019-ലെ മന്ത്രിസഭാ തീരുമാനപ്രകാരമുള്ള ഉത്തരവിനെത്തുടർന്നല്ല സുപ്രീംകോടതി വിധിയുണ്ടായത്. കോടതി നിർദ്ദേശത്തെത്തുടർന്ന് ഒരു കി. മീറ്റർ ചുറ്റളവിൽ ഇക്കോസെൻസിറ്റീവ് സോൺ ആകാവുന്ന സ്ഥലങ്ങളിലെ വിവരശേഖരണത്തിനായി ചുമതലപ്പെടുത്തിയ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.എസ്.ഇ.സി)-ന്റെ റിപ്പോർട്ട് പരിശോധിച്ച് മൂന്ന് മാസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011-ൽ കേന്ദ്രസർക്കാർ പുതിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റുമായി ഇക്കോസെൻസിറ്റീവ് സോൺ എന്ന ആശയം സംസ്ഥാനങ്ങൾ മുന്നോട്ടുവയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ ജനവാസമേഖലകളെ പൂർണ്ണമായും ഒഴിവാക്കാൻ 2011-ൽ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും കരട് വിജ്ഞാപനം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച്

വിശദാംശങ്ങൾ ആരാഞ്ഞെങ്കിലും 2018 വരെ നൽകാതിരുന്നതിനാൽ കരട് വിജ്ഞാപനം ലാപ്സാവുകയും 1-3 കി. മീറ്റർ വരെ ഇക്കോസെൻസിറ്റീവ് സോണായി പ്രഖ്യാപിക്കണമെന്ന നിർദ്ദേശം വയ്ക്കുകയും ചെയ്തു. മിനിമം ഒരു കിലോമീറ്റർ ഇക്കോസെൻസിറ്റീവ് സോൺ എന്ന് നിശ്ചയിച്ചാണ് റിവ്യൂ ഹർജി നൽകിയിട്ടുള്ളത്. സുപ്രീംകോടതിയിൽ സമർപ്പിച്ച റിവ്യൂഹർജിയിൽ കണക്കുകൾ കൃത്യമായി രേഖപ്പെടുത്താത്തതും കർഷകരെ കയ്യേറ്റക്കാരായി ചിത്രീകരിക്കുന്നതും സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സുപ്രീം കോടതിവിധി വന്നതിനുശേഷം കേരളം മാത്രമാണ് ഇതുസംബന്ധിച്ച് പുനഃപരിശോധനാ ഹർജി നൽകിയിട്ടുള്ളത്. 2019-ലാണ് പൂജ്യം മുതൽ 1 കി.മീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ജനവാസ കേന്ദ്രങ്ങളെല്ലാം പൂജ്യം കിലോമീറ്ററായി നിശ്ചയിച്ച് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തെങ്കിലും കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവ തിരിച്ചയയ്ക്കുകയാണുണ്ടായത്. ഡ്രോൺ ഉപയോഗിച്ച് സാറ്റലൈറ്റ്, ഫിസിക്കൽ സർവ്വേകൾ നടത്തി വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടടക്കം സുപ്രീംകോടതിയിൽ

സമർപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) വൈദ്യുതി നിരക്ക് കൂട്ടുന്നതിന് അനുമതി നൽകുന്ന കരട് ചട്ടഭേദഗതി പിൻവലിക്കൽ

ശ്രീ. എ. പ്രഭാകരൻ: കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കരട് വൈദ്യുതി ചട്ടഭേദഗതിപ്രകാരം എല്ലാ മാസവും വൈദ്യുതി നിരക്കുയർത്താൻ വിതരണ കമ്പനികൾക്ക് അനുമതി നൽകിയിരിക്കുന്നത് ആശങ്കാജനകമാണ്. വൈദ്യുതി വാങ്ങൽ, പ്രസരണ നിരക്ക്, ഇന്ധന നിരക്ക് തുടങ്ങിയവയിലുണ്ടാകുന്ന അധിക ചെലവുകൾ സ്വകാര്യ കമ്പനികൾക്ക് ഉപഭോക്താക്കളിൽനിന്നും ഈടാക്കാമെന്ന നിർദ്ദേശം സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ നോക്കുകുത്തിയാക്കിയിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ പ്രസ്തുത നയം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി ഉപഭോക്താക്കൾക്ക് പരമാവധി സഹായം ചെയ്യുന്നതിനും വൈദ്യുതി മേഖലയിൽ ഏറ്റവും മികച്ച സംസ്ഥാനമായി മാറ്റുന്നതിനുമുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വൈദ്യുതി നിരക്ക് എല്ലാ മാസവും വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി വിതരണ കമ്പനികൾക്ക് അനുമതി നൽകിക്കൊണ്ട് 12-08-2022-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം പുറത്തിറക്കിയ കരട് ചട്ട ഭേദഗതിക്കെതിരായി സംസ്ഥാനത്തിന്റെ നിലപാടിനോട് യോജിക്കുന്ന അന്യസംസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) റോഡുകൾക്ക് സ്പെഷ്യൽ വികസന പാക്കേജ്

ശ്രീ. മോൻസ് ജോസഫ്: ഓരോ നിയോജകമണ്ഡലത്തിലെയും പ്രധാന റോഡുകൾ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട നിലവാരത്തിലാക്കുന്നതിന് ഒരു

സ്പെഷ്യൽ പാക്കേജ് രൂപീകരിക്കാനും റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാനും നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം. ധനകാര്യ-പൊതുമരാമത്ത് വകുപ്പുകൾ സംയുക്തമായി ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങളിന്മേൽ എത്രയുംവേഗം ഉത്തരവ് പുറപ്പെടുവിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഡിസൈൻ, ഡ്രെയിനേജ് സുരക്ഷാ സംവിധാനം, BM&BC പോലുള്ള മികച്ച നിലവാരം, വാഹന സാന്ദ്രതയ്ക്കനുസരിച്ച് ഭാരം താങ്ങാനുള്ള ശേഷി, മതിയായ വീതി തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്താണ് നിലവിൽ റോഡുകൾ നിർമ്മിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രത്യേകം ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്.

## III. സബ്മിഷൻ

### (1) ആലത്തൂർ ഫയർ സ്റ്റേഷൻ

ശ്രീ. കെ. ഡി. പ്രസേനൻ: ജീർണ്ണാവസ്ഥയിലുള്ള താത്കാലിക

കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(2) ജില്ലാതല പോലീസ് കൺസൾട്ടേറ്റീവ് കമ്മിറ്റി

ശ്രീ. എൻ. ഷംസുദ്ദീൻ: ക്രമസമാധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി പോലീസിനെയും ജനപ്രതിനിധികളെയുമുൾപ്പെടുത്തി രൂപീകരിച്ച ജില്ലാതല പോലീസ് കൺസൾട്ടേറ്റീവ് കമ്മിറ്റി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(3) നെന്മാറ ഐ.ടി.ഐ.-യ്ക്ക് സ്ഥലം

ശ്രീ. കെ. ബാബു (നെന്മാറ): നെന്മാറ ഐ.ടി.ഐ.-ക്ക് അനുവദിച്ച മുഴുവൻ സ്ഥലവും ലഭ്യമാക്കി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചന നടത്തുന്നതാണ്.

(4) സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ

ശ്രീ. കെ. ജെ. മാക്സി: ഇതരസംസ്ഥാനങ്ങളിൽനിന്നുംവന്ന് സ്ഥിരതാമസമാക്കിയവരുടെ മക്കൾക്ക് ജാതി-ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലുള്ള തടസ്സം നീക്കുന്നതിന് നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഇക്കാര്യത്തിൽ കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെയും കേന്ദ്ര പേഴ്സണൽ & ട്രെയിനിംഗ് മന്ത്രാലയത്തിന്റെയും കേന്ദ്ര-സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനുകളുടെ ശിപാർശയും പഠനവും ആവശ്യമാണ്.

(5) റാന്നിയിൽ മഴക്കെടുതിമൂലം നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സ്പെഷ്യൽ പാക്കേജ്

ശ്രീ. പ്രമോദ് നാരായൺ: മഴക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച റാന്നിയിലെ ചുങ്കപ്പാറ ടൗണിലെ വ്യാപാരികളെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് സർക്കാർ ചർച്ച ചെയ്തുവരുന്നുണ്ട്.

(6) <u>മടയംതോട് നിവാസികൾക്ക് പട്ടയം ലഭ്യമാക്കൽ</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് മടയംതോടിന്റെ വശങ്ങളിൽനിന്ന് ഒഴിപ്പിക്കപ്പെടേണ്ടിവരുന്ന 120 കുടുംബങ്ങളെ അവിടെത്തന്നെ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): ജലവിഭവം, തദ്ദേശ സ്വയംഭരണം, നിയമം, റവന്യൂ വകുപ്പുമന്ത്രിമാരുടെ യോഗം ചേർന്ന് ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്.

(7) <u>എം.എൽ.എ. ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ ജി.എസ്.ടി. നിരക്ക്</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: എം.എൽ.എ. ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ ജി.എസ്.ടി. നിരക്ക് വർദ്ധിപ്പിച്ചതുമൂലം പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ജി.എസ്.ടി. ഒഴിവാക്കുന്നതിനോ ഫണ്ട് വർദ്ധിപ്പിച്ചുനൽകുന്നതിനോ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ജി.എസ്.ടി. നിരക്ക് വർദ്ധിപ്പിച്ചത് നിലവിലുള്ള പ്രവൃത്തികളിൽ അധികമായി പ്രതിഫലിക്കില്ല. പുതിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഒരു ഫോർമുല

അനുസരിച്ചാണ് ജി.എസ്.ടി. നിരക്ക് ഉൾപ്പെടുത്തുന്നത്.

(8) അപ്പർ കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി

ശ്രീ. രമേശ് ചെന്നിത്തല: കുട്ടനാട് മേഖലയിലെ കൃഷിയുടെ പുനരുദ്ധാരണത്തിനും ജൈവവൈവിദ്ധ്യ മേഖലയുടെ നിലനിൽപ്പിനുംവേണ്ടി അപ്പർ കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി അടിയന്തരമായി രൂപീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കുട്ടനാട് മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കുട്ടനാടിനെ അപ്പർ കുട്ടനാടിനോട് ചേരുന്ന ഒരു മേഖലയായി കണക്കാക്കി കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(9) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് കെട്ടിടം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലയിലെ സർക്കാർ വനിത ആർട്സ് & സയൻസ് കോളേജിന് സ്ഥിരം കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): മലപ്പുറം ജില്ലയിലെ സർക്കാർ വനിത ആർട്സ് & സയൻസ് കോളേജ് കെട്ടിടത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയ

ഡിസൈനിൽ മാറ്റംവരുത്തി ഗൃഹമാനദണ്ഡപ്രകാരം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(10) ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് ഇൻസുലിൻ

ശ്രീ. നജീബ് കാന്തപുരം: സംസ്ഥാനത്തെ അയ്യായിരത്തോളം വരുന്ന ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് ഇൻസുലിൻ എടുക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള സൗകര്യം സ്കൂളുകളിൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രത്യേകം സജ്ജമാക്കിയ സെന്ററുകളിലൂടെ നടപ്പാക്കിവരുന്ന മിഠായി പദ്ധതിയുടെ സേവനം സ്കൂളുകളിലൂടെയും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(11) എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയതുമായ സ്കൂൾ ബസ്സുകൾ കോവിഡ് കാലഘട്ടത്തിനുശേഷം സർവ്വീസ് നടത്താൻ സാധിക്കാത്തതിനാലും മെയിന്റെയിൻ ചെയ്യുന്നതിന് ഫണ്ടിന്റെ

അപര്യാപ്തതയുള്ളതിനാലും ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ ബസ്സുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതും അതോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(12) തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. ടി. സിദ്ദിഖ്: തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും അവരുടെ ലയങ്ങൾ പുനരുദ്ധരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. തോട്ടം ഉടമകളുടെ യോഗം വിളിച്ചുചേർത്ത് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്.

(13) പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

ശ്രീ. പി. പി. സുമോദ്: പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്.

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കി സ്കൂൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നം പ്രത്യേക വിഷയമായി പരിശോധിച്ച് പരിഹാരം കാണുന്നതാണ്.

(14) പെരുമ്പ പാലം നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ-കല്ല്യാശ്ശേരി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പയ്യന്നൂർ പെരുമ്പ പുഴയിൽ പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പെരുമ്പ പുഴയിൽ പുതിയ പാലം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(15) കരമന- വെള്ളറട റോഡ് നിർമ്മാണം

ശ്രീ. ഐ. ബി. സതീഷ്: തലസ്ഥാന നഗരത്തെയും ഗ്രാമപ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കരമന-വെള്ളറട റോഡിന്റെ

പണി പൂർത്തീകരിക്കുന്ന പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കരമന-വെള്ളറട റോഡ് റീച്ച് 2-ന്റെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ഫീൽഡ് പരിശോധനാ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(16) പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണപ്രവൃത്തി എത്രയുംവേഗം ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ഭൂവുടമകൾ ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിൽ സ്റ്റേ നിലനിൽക്കുകയാണ്. റോഡിന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(17) കോഴിക്കോട് എൻ. ഐ. ടി. അണ്ടർപാസ്

ശ്രീ. പി. ടി. എ. റഹിം: കോഴിക്കോട് എൻ.ഐ.ടി. ക്യാമ്പസ്സിലെ

അണ്ടർപാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോഴിക്കോട് എൻ.ഐ.ടി. ക്യാമ്പസ്സിലെ അണ്ടർപാസ് നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

(18) നാട്ടികയിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. സി. സി. മുകുന്ദൻ: നാട്ടിക നിയോജകമണ്ഡലത്തിലെ തൃപ്രയാർ-ചേർപ്പ് ഉൾപ്പെടെയുള്ള റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നാട്ടിക നിയോജകമണ്ഡലത്തിലെ തൃപ്രയാർ, ചേർപ്പ് ഉൾപ്പെടെയുള്ള റോഡുകളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി നിലനിൽക്കുന്ന പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതാണ്.

(19) അങ്ങാടിപ്പുറം-വളാഞ്ചേരി-വണ്ടൂർ-വടപുരം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: അങ്ങാടിപ്പുറം-വളാഞ്ചേരി-വണ്ടൂർ-വടപുരം റോഡുകൾ ബി.എം.& ബി.സി. ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റോഡ് നവീകരണത്തിന്റെ സാധ്യതാഫണ്ടിന്റെ ലഭ്യത പരിഗണിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(20) ഇടിമുഴിക്കൽ-തലപ്പാറ റോഡ് നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ്: ദേശീയപാത 66-ൽ ഇടിമുഴിക്കൽ -തലപ്പാറ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ടി സ്ഥലത്തെ ബസ് സ്റ്റോപ്പുകൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എൻ.എച്ച്.എ.ഐ.-യുടെ പ്രവൃത്തികൾ മാസത്തിൽ രണ്ടുതവണ പി.ഡബ്ല്യൂ.ഡി. മിഷൻ ടീം പരിശോധിക്കുന്നുണ്ട്. പ്രസ്തുത സ്ഥലം നേരിട്ട് പരിശോധന നടത്തി പ്രശ്നം പരിഹരിക്കുന്നതിന് ഇടപെടുന്നതാണ്.

(21) കുത്തുപറമ്പിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. കെ. പി. മോഹനൻ: കുത്തുപറമ്പിലെ റോഡുകളുടെ പുനരുദ്ധാരണമുൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ

പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കൂത്തുപറമ്പ് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ ചിലത് ആരംഭിച്ചിട്ടുണ്ട്; ആരംഭിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച് അടിയന്തരമായി പരിശോധിക്കുന്നതാണ്.

(22) കൊടിനട- വഴിമുക്ക് മൂന്നാംഘട്ട പ്രവൃത്തി

ശ്രീ. എം. വിൻസെന്റ്: കൊടിനട-വഴിമുക്ക് റോഡിന്റെ മൂന്നാംഘട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കൊടിനട-വഴിമുക്ക് റോഡിന്റെ മൂന്നാംഘട്ട പ്രവൃത്തിയുടെ ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് പുതിയ സാമ്പത്തികാനുമതി ലഭ്യമാക്കി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(23) കുഞ്ഞിപ്പള്ളി ടോൾ പ്ലാസ

ശ്രീമതി കെ. കെ. രമ: വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ കുഞ്ഞിപ്പള്ളി മുതൽ മുക്കാളി വരെയുള്ള പ്രദേശത്ത് സർവ്വീസ്റോഡ്

നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കുഞ്ഞിപ്പള്ളി - മുക്കാളി ഭാഗത്തെ സർവ്വീസ്റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യം പരിശോധിച്ചുവരികയാണ്.

(24) പുലിക്കളി സംഘങ്ങൾക്ക് ധനസഹായം

ശ്രീ. പി. ബാലചന്ദ്രൻ: സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പുലിക്കളി സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പുലിക്കളിസംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(25) മാസ്കമാരി-കുരുഡപ്പദവ് റോഡിന് കിഫ്ബി അനുമതി

ശ്രീ. എ. കെ. എം. അഷ്റഫ്: മഞ്ചേശ്വരം മണ്ഡലത്തിലെ മാസ്കമാരി-കുരുഡപ്പദവ് റോഡിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): നിലവിലെ

വ്യവസ്ഥകളനുസരിച്ച് കിഫ്ബിയിൽ വർക്കുകളേറ്റെടുക്കുന്നതിന് പരിമിതികളുണ്ട്. ഇത്തരം പ്രത്യേക വർക്കുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കാം.

(26) തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ യന്ത്രങ്ങളും തസ്തികകളും പുതിയ വിഭാഗവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലിനാക് മെഷീൻ സ്ഥാപിച്ച് റേഡിയേഷൻ ചികിത്സ ആരംഭിക്കുകയും സർജിക്കൽ ഓങ്കോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിന് 5 കോടിരൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(27) കാട്ടാക്കട സി. എച്ച്. സി.- യുടെ പ്രവർത്തനം

ശ്രീ. ജി. സ്റ്റീഫൻ: കാട്ടാക്കട സി.എച്ച്.സി.- യിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കാട്ടാക്കട കുടുംബാരോഗ്യ കേന്ദ്രത്തിൽ തസ്തിക അനുവദിക്കുന്നതുൾപ്പെടെയുള്ള തുടർ വികസനപ്രവർത്തനങ്ങൾ ഗൗരവമായി പരിശോധിക്കുന്നതാണ്.

(28) ആലുവ ജില്ലാശുപത്രിയുടെ പ്രവർത്തനം

ശ്രീ. അൻവർ സാദത്ത്: ആലുവ ജില്ലാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആലുവ ജില്ലാശുപത്രിയിലുൾപ്പെടെ ആർദ്രം മാനദണ്ഡങ്ങളനുസരിച്ചുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(29) കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.- കളുടെ പ്രവർത്തനം

ശ്രീ. ഡി. കെ. മുരളി: കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.-കളിലെ ഡോക്ടർമാരുടെ തസ്തിക നികത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രസ്തുത സി.എച്ച്.സി.-കളുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (30) കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ജീവനക്കാരുടെ വേതന വ്യവസ്ഥ

ശ്രീ. എം. വിജിൻ: കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കി ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ഡി.എം.ഇ.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (31) തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം

ശ്രീ. ലിന്റോ ജോസഫ്: തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എ.എസ്. നൽകുകയും അവർ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. താമസംവിനാ പ്രവൃത്തി ആരംഭിക്കുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് (1) പ്രകാരവും ചട്ടം 47(2), 236(5), 236(6) അനുസരിച്ചുമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർവ്വകലാശാലകളെ സർക്കാർ ഏജൻസികളാക്കി മാറ്റാനുള്ള തന്ത്രമാണ് ഈ നിയമനിർമ്മാണത്തിലൂടെ നടപ്പാക്കുന്നത്. ബില്ലിന് മുൻകാല പ്രാബല്യം നൽകുന്നതിലൂടെ യൂണിവേഴ്സിറ്റി നിയമനങ്ങളെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ വ്യക്തമാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ ഒരംഗത്തെ

സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിലൂടെ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരാൾ കമ്മിറ്റിയിൽ പാടില്ലെന്ന വ്യവസ്ഥ ലംഘിക്കപ്പെടുകയാണ്. സർവ്വകലാശാലകളിൽ രാഷ്ട്രീയ നിയന്ത്രണം ഏർപ്പെടുത്താനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. വൈസ് ചാൻസലറിലൂടെ യൂണിവേഴ്സിറ്റി നിയമനങ്ങൾ മുഴുവൻ വരുതിയിൽ കൊണ്ടുവരികയാണ് ലക്ഷ്യം. മികവും മാനദണ്ഡങ്ങളും അട്ടിമറിച്ച് യഥേഷ്ടം നിയമനങ്ങൾ നടത്തുന്നത് യൂണിവേഴ്സിറ്റികളുടെ ക്രിയാത്മക ഉയർച്ചയെ തകർക്കുമെന്നതിലും അക്കാദമിക രംഗത്ത് മൂല്യശോഷണമുണ്ടാക്കുമെന്നതിലും സംശയമില്ല. പുതിയ കോഴ്സുകൾ ആരംഭിക്കാത്തതും യൂണിവേഴ്സിറ്റികൾക്ക് ആവശ്യമായ ഫണ്ട് നൽകാത്തതും പ്രതിഷേധാർഹമാണ്. യു.ജി.സി. മാനദണ്ഡങ്ങൾ ലംഘിച്ച് സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പ്രൊഫസർ പദവി നൽകിയതും എം.ജി. യൂണിവേഴ്സിറ്റിയിൽ നിയമിച്ച ഗൈഡ്മാരിൽ 197 പേർക്ക് മതിയായ യോഗ്യതയില്ലെന്ന് സി. ആൻഡ് എ.ജി. കണ്ടെത്തിയതും യൂണിവേഴ്സിറ്റികളെ ഫണ്ട് റെയ്സിംഗ് ഏജൻസിയായി മാറ്റാനുള്ള ശ്രമങ്ങളും അപലപനീയമാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സെർച്ച്-കം-

സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ പ്രതിനിധിയെയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനെയും ഉൾപ്പെടുത്തി വൈസ് ചാൻസലറുടെ നിയമനാധികാരം കവർന്നെടുക്കുകയാണ് ലക്ഷ്യം. കാലിക്കറ്റ് സർവ്വകലാശാല നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിക്കുകയോ ബാക്ക്‌ലോഗ് നികത്തുകയോ ചെയ്യുന്നില്ല. അക്കാദമിക താൽപ്പര്യം കണക്കിലെടുക്കാതെ സർവ്വകലാശാലകളിൽ ഇഷ്ടക്കാരെ നിയമിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് ചെയ്യുന്നത്. സർവ്വകലാശാല യൂണിയൻ തെരഞ്ഞെടുപ്പുകളിൽ സ്വാശ്രയ കോളേജുകളിൽ പഠിച്ച കുട്ടികൾക്ക് വോട്ടവകാശമില്ലാത്ത നടപടി ജനാധിപത്യവിരുദ്ധമാണ്. കോടതിവിധികളെപോലും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടുള്ള രാഷ്ട്രീയവൽക്കരണമാണ് സർവ്വകലാശാലകളിൽ നടക്കുന്നത്.

ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എം. വിജിൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ അക്കാദമിക് വിദഗ്ദ്ധർ

സമിതിയിൽ ഉൾപ്പെടുന്നതാണ്. സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ അംഗസംഖ്യ അഞ്ചായി വർദ്ധിപ്പിക്കുന്നത് യു.ജി.സി. റെഗുലേഷന് വിരുദ്ധമല്ല. ഭേദഗതിയിലൂടെ ചാൻസലറുടെ അധികാരം ഇല്ലാതാകുന്നില്ല. സംസ്ഥാനത്തിന്റെ അധിപനായതുകൊണ്ടാണ് സർവ്വകലാശാലാ ചാൻസലറുടെ അധികാരങ്ങൾ ഗവർണറിൽ നിക്ഷിപ്തമാക്കുന്നതെന്നും മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് പ്രവർത്തിക്കാൻ ഗവർണർ ബാധ്യസ്ഥനാണെന്നുമുള്ള വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തണം. പല സംസ്ഥാനങ്ങളിലും വി.സി.യെ നിയമിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. സർവ്വകലാശാലകളിൽ വി.സി.മാരെ നിയമിക്കാനുള്ള അധികാരം ഗവർണർക്ക് നൽകരുതെന്ന പൂഞ്ചി കമ്മിഷൻ ശിപാർശ അംഗീകരിച്ച യു.ഡി.എഫ്. ഈ ഭേദഗതിയെ എതിർക്കുന്നത് വിരോധാഭാസമാണ്.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. രമേശ് ചെന്നിത്തല</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരമുയർത്താൻ യൂണിവേഴ്സിറ്റികളുടെ

സ്വയംഭരണാവകാശം നിലനിർത്തേണ്ടത് അത്യാവശ്യമാണ്. റിസർച്ചിനും പഠനത്തിനും അക്കാദമിക താല്പര്യങ്ങൾക്കും മുൻതൂക്കം നൽകിയാൽ മാത്രമേ സർവ്വകലാശാലകൾക്ക് ലോകോത്തര അംഗീകാരം ലഭിക്കുകയുള്ളൂ. സർവ്വകലാശാലകളിൽ ചാൻസലറുടെ അധികാരം കവർന്നെടുക്കാനുള്ള നിയമഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. സർക്കാരിന്റെ താല്പര്യങ്ങൾക്കെതിരായ നിയമങ്ങളിൽ ഭേദഗതി വരുത്തുന്നത് ജനാധിപത്യ വിരുദ്ധവും അധാർമ്മികവുമാണ്. വി.സി.മാരുടെ പ്രായപരിധി ഏകീകരിക്കാനും സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ സിൻഡിക്കേറ്റിന്റെ പ്രതിനിധിയെ ഉൾപ്പെടുത്താനുമുള്ള നിർദ്ദേശത്തെ അംഗീകരിക്കുന്നു. 03-03-2022-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമ ഭേദഗതിക്ക് സാധുത ലഭിക്കാൻ സാധ്യതയില്ല. സർവ്വകലാശാലയുമായി നേരിട്ട് ബന്ധമുള്ളവരെ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിൽ അംഗമാക്കാൻ പാടില്ലെന്ന യു.ജി.സി. നിബന്ധന ലംഘിക്കപ്പെടുന്ന ഭേദഗതിയാണിത്. സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തയ്യാറാകണം. അക്കാദമിക നിലവാരം പരിഗണിക്കാതെയുള്ള ബന്ധുനിയമനങ്ങൾ സർവ്വകലാശാലകളുടെ നിലവാരത്തകർച്ചയ്ക്കിടയാക്കും. സർവ്വകലാശാലകളുടെ

സ്വയംഭരണാവകാശത്തെയും വിദ്യാർത്ഥികളുടെ ഭാവിയെയും തകർക്കുന്ന ഭേദഗതിയെ ശക്തമായി എതിർക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2018-ലെ പുതുക്കിയ യു.ജി.സി. റെഗുലേഷൻസിന്റെ പരിധിക്കുള്ളിൽ നിന്നുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ വകുപ്പ് നിലവിലുള്ളപ്പോൾ സർവ്വകലാശാലകളിൽ സർക്കാർ ഇടപെടേണ്ടതില്ലെന്ന നിലപാട് അംഗീകരിക്കാനാവുന്നതല്ല. ഭേദഗതി നിർദ്ദേശങ്ങളിലൂടെ ചാൻസലറുടെ അവകാശങ്ങൾ വെട്ടിച്ചുരുക്കുന്നില്ല. വൈസ് ചാൻസലറെ നിയമിക്കാനുള്ള അധികാരം ചാൻസലർക്ക് തന്നെയാണ്. 'ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ചെയർമാൻ' എന്നതിനുപകരം 'ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന വിദ്യാഭ്യാസ വിദഗ്ധൻ' എന്ന ഭേദഗതിയാണ് കൊണ്ടുവരുന്നത്. കേരളത്തിന്റെ അക്കാദമിക മേഖലയെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താനാണ് പ്രസ്തുത നിയമം കൊണ്ടുവന്നിട്ടുള്ളത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

(2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശങ്ങളെ ഹനിക്കുന്നതാണെന്നാരോപിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രസ്തുത ബില്ലിന്റെ തുടർന്നുള്ള നടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

140. In section 10(1) proposed to be substituted in the Kerala University Act, 1974, by clause 2(b) (i)

(1) item (i), shall be recast as follows:

" (i) One person nominated by the Government - Convenor;"

(2) item (iii), shall be recast as follows :

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

219. In Section 10(1) proposed to be substituted in the Calicut University Act, 1975 by Clause 3(b)(i)

(1) item (i), shall be recast as follows

" (i) One person nominated by the Government- Convenor, "

(2) item (iii), shall be recast as follows

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

291. Section 10(1) proposed to substituted in the Mahatma Gandhi University Act, 1985 by clause 4(b)(i) item (i) shall be recast as follows:-

(1) " (i) One person nominated by the Government – Convenor;"

(2) item(iii) shall be recast as follows:-

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

358. In section 24(3)(a) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by clause 5.

(1) item (i) shall be recast as follows

" (i) One Person nominated by the Government-Convenor;"

(2) item (iii) shall be recast as follows

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

415. Section 10 (1)(i) proposed to be substituted in the Kannur University Act, 1996 by clause 6 (b) (i) shall be recast as follows:

" (i) One person nominated by the Government - Convenor;"

Item (iii) shall be recast as follows:

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

123. In Clause 1(2) for the figure and superscript " I$^{st}$" the figure

and superscript " 1st " shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

(ii) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേന്ദ്ര നിയമത്തിന് വിധേയമായി സംസ്ഥാനത്ത് സാമ്പത്തിക കാര്യങ്ങളിൽ നിയന്ത്രണം കൊണ്ടുവരുന്ന വകുപ്പാണ് ബില്ലിലുള്ളത്. റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർക്കാരിന്റെ തെറ്റായ സാമ്പത്തിക മാനേജ്മെന്റിന്റെ ഭാഗമായി സംസ്ഥാനം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. നികുതി വരുമാനത്തിലുണ്ടായ കുറവും ധനകാര്യ മാനേജ്മെന്റിലെ പാളിച്ചകളും അതിജീവിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ധന-റവന്യൂ കമ്മി കുറച്ചു കൊണ്ടുവരുന്നതിൽ

സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. കടമെടുക്കുന്ന തുകയിൽ ഭൂരിഭാഗവും ആസ്തിവികസനത്തിനായി ഉപയോഗിക്കണമെന്ന നടപടിക്രമം പാലിക്കുകയോ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കുകയോ ചെയ്യുന്നില്ല. സർവ്വീസ് മേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും നികുതി വെട്ടിപ്പ് തടയുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കിഫ്ബി ഏറ്റെടുത്ത പദ്ധതികളിൽ പലതും നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്ന് മാത്രമല്ല മോട്ടോർ വെഹിക്കിൾ നികുതിയും പെട്രോളിയം ഉല്പന്നങ്ങൾക്കുള്ള സെസ്സും മുഖേന സർക്കാരിന്റെ സഞ്ചിതനിധിയിൽ ലഭിക്കുന്ന തുകയാണ് കിഫ്ബിയുടെ തിരച്ചടവിനായി വിനിയോഗിക്കുന്നത്. ഭൂനികുതി, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ഹരിത നികുതി എന്നിവ വർദ്ധിപ്പിച്ചത് ജനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ കഴിയാത്തതും ആസ്തി വികസന ഫണ്ടിൽനിന്ന് പിടിച്ച തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിക്കാത്തതും പ്രതിഷേധാർഹമാണ്.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ബാലചന്ദ്രൻ): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ

കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കിഫ്ബിയുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള തുക സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും എടുക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ബിൽ പ്രാബല്യത്തിൽ വരുന്നതോടെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കും. വേണ്ടത്ര അവധാനതയില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദീർഘവീക്ഷണമില്ലാതെ കടം വാങ്ങുന്ന പ്രവണതയാണ് കേരളത്തിൽ ആളോഹരി കടം വർദ്ധിക്കാനിടയാക്കിയത്. സാമ്പത്തിക പ്രതിസന്ധിക്കനുസരിച്ച് ചെലവ് ചുരുക്കാൻ സർക്കാർ തയ്യാറാകണം. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ പദ്ധതികളാവിഷ്കരിക്കുകയും വ്യക്തമായ ധനനയമുണ്ടാക്കുകയും വേണം.

സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഭക്ഷ്യ മേഖലയിൽ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യണം. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലകുറയുന്നത് പ്ലാന്റേഷൻ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ സംരംഭകർ അയൽസംസ്ഥാനങ്ങളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് ആശങ്കാജനകമാണ്. പഴവർഗ്ഗങ്ങളുപയോഗിച്ച് ബിയറും വൈനും ഉല്പാദിപ്പിച്ച് ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനും നീര ഉത്പാദനം പ്രോത്സാഹിപ്പിക്കാനും നടപടി സ്വീകരിക്കണം. സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും അനാവശ്യ തസ്തികകൾ ഒഴിവാക്കുകയും സമാന സ്വഭാവമുള്ള സ്ഥാപനങ്ങളെ ഒരുമിപ്പിക്കുകയുംവഴി വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്തം കൂടുതൽ കൃത്യമാക്കാനും ചിട്ടപ്പെടുത്താനുമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

പൊതുകടം കുറച്ചുകൊണ്ടുവരണമെന്ന കേന്ദ്രഗവൺമെന്റ് നിർദ്ദേശം നടപ്പാക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്നുണ്ടെങ്കിലും സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുമെന്ന് ആശങ്കപ്പെടേണ്ടതില്ല. ഫിസ്കൽ ഫെഡറലിസം കണക്കാക്കിമാത്രമേ കേരളത്തിന് ഭാവിയിൽ മുന്നോട്ടുപോകാൻ കഴിയൂ. കേന്ദ്ര ജി.എസ്.ടി. കൗൺസിൽ 250-ലധികം ഇനങ്ങളുടെ ടാക്സ് വെട്ടിക്കുറച്ചതിന്റെ ഫലമായി നികുതി വരുമാനത്തിൽ കുറവ് വന്നു. ആംനെസ്റ്റി സ്കീമുകളിലൂടെ പണം സ്വരൂപിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ, പൂട്ടിക്കിടക്കുന്നതും പ്രവർത്തിച്ചുവരുന്നതുമായ ഫാക്ടറികളിലെയും തോട്ടങ്ങളിലെയും തൊഴിലാളികൾക്കുള്ള പെൻഷൻ എന്നിവ ഓണത്തിനുമുമ്പുതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 60 വയസ് കഴിഞ്ഞ പട്ടികവർഗ്ഗക്കാർക്ക് ഓണസമ്മാനമായി 1,000 രൂപ നൽകുന്ന പ്രത്യേക പദ്ധതി നടപ്പിലാക്കി. കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്കായി 50 കോടി രൂപ ഓണത്തിനുമുമ്പ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റബ്ബർ മേഖലയുടെ റിസർച്ചിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തദ്ദേശീയമായി ബിയർ, വൈൻ തുടങ്ങിയവ

ഉത്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബിൽ പാസ്സാകുന്നതോടുകൂടി നികുതി സംബന്ധമായ കാര്യങ്ങളിൽ കുറേക്കൂടി നിയന്ത്രണം കൊണ്ടുവരാൻ കഴിയുമെന്നതിനാൽ മൂലനിയമത്തിന്മേൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അംഗീകരിക്കണം. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

151, 152, 157, 168, 171, 172, 173, 174, 187, 188, 189, 190, 193, 195, 196, 204, 205, 208, 210, 211, 212, 213, 214, 215, 216, 220, 221, 232, 233, 234, 242, 243, 244, 246, 249, 257, 263, 264, 265, 267, 270, 271, 272, 284, 288, 292, 294 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

190. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "വർദ്ധിപ്പിക്കേണ്ടതാണ്." എന്നതിന് പകരം "വർദ്ധിപ്പിക്കേണ്ടതും" എന്ന് ചേർക്കുക.

204. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "ചെലവഴിക്കേണ്ടതാണ്" എന്നതിന് പകരം "ചെലവഴിക്കേണ്ടതുമാണ്" എന്ന് ചേർക്കുക

232. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "ഊർജ്ജമേഖലയിലെ" എന്നതിന് പകരം "ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

233. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "മേൽപ്പരാമർശിച്ച" എന്നതിന് പകരം "മേൽ പരാമർശിച്ച" എന്ന് ചേർക്കുക.

243. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി) യുടെ കുറിപ്പ് (ii)-ൽ "ഊർജ്ജമേഖലയിലെ" എന്നതിന് പകരം "ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

263. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി) യുടെ കുറിപ്പ് (iii)-ൽ, "ഊർജ്ജമേഖലയിലെ" എന്നതിന് പകരം "ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

107, 111, 112, 116, 117, 121, 125, 129, 130, 138, 142, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## VI. **അറിയിപ്പ്**

### കാര്യവിവരപ്പട്ടിക ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: പൊതുധാരണയുടെ അടിസ്ഥാനത്തിൽ കാര്യവിവരപ്പട്ടിക ഭാഗികമായി ഭേദഗതി ചെയ്ത് 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പരിഗണനയ്ക്കെടുക്കാവുന്നതാണ്.

### കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗികമായി ഭേദഗതി വരുത്തി 2022-

ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനും അനന്തരനടപടികൾ കൈക്കൊള്ളുന്നതിനും സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കും ശേഷം പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76(1), 237, 77 എന്നിവയിലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന്

സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം തുടർച്ച**

(iii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ

ചുമതലകൾ) റദ്ദാക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബില്ലിനെ സ്വാഗതം ചെയ്യുന്നു. 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ അവതരണവേളയിൽത്തന്നെ ബിൽ പാസ്സാക്കരുതെന്നും വഖഫ് ബോർഡ് നിയമനങ്ങൾക്കായി ബദൽ സംവിധാനം ഒരുക്കണമെന്നും ആവശ്യപ്പെട്ടിരുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബില്ലിനെ സ്വാഗതം ചെയ്യുന്നു. കൂടിയാലോചനകളില്ലാതെയായിരുന്നു 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കിയത്.

ശ്രീ. എൻ. ഷംസുദ്ദീൻ: ബില്ലിനെ സ്വാഗതം ചെയ്യുന്നു. സ്വകാര്യബിൽ

നം. 89, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് റദ്ദാക്കൽ ബിൽ പിൻവലിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ബിൽ സ്വാഗതം ചെയ്ത നിലപാട് അഭിനന്ദനാർഹമാണ്. ചർച്ചാവേളയിൽ ബില്ലിന്മേലുള്ള ഭേദഗതി നിർദ്ദേശങ്ങൾ മാത്രമാണ് പ്രതിപക്ഷം ഉന്നയിച്ചിരുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ആശങ്ക ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് ബിൽ റദ്ദുചെയ്യാൻ തീരുമാനമെടുത്തത്.

2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടുംമൂന്നും വകുപ്പുകൾ</u>

(ഭേദഗതിയില്ല.)

രണ്ടുംമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): പ്രമേയത്തെ

പിന്താങ്ങുന്നു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII. പെരുമാറ്റച്ചട്ടലംഘന പ്രശ്നങ്ങൾ

പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ അഖിലേന്ത്യാ പഠനപര്യടന വേളയിൽ സഭാംഗമായ ഡോ. കെ. ടി. ജലീൽ രാജ്യത്തിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യുന്ന തരത്തിൽ ഫേസ്ബുക്കിൽ കുറിപ്പിട്ട നടപടി നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിലെ ചട്ടം 27, 49 എന്നിവയുടെ ലംഘനമാണെന്നാരോപിച്ച് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

## VIII. പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക്

പിരിയാവുന്നതാണ്' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 10 മുതൽ 24 വരെ നിയമസഭാ പരിസരത്ത് സംഘടിപ്പിച്ച സ്വാതന്ത്ര്യ സമരാനുഭവങ്ങൾ പങ്കുവയ്ക്കുന്ന വിപുലമായ ഒരു ഓഡിയോ-വീഡിയോ ചിത്ര പ്രദർശന പരിപാടിക്ക് പൊതുജനങ്ങളിൽനിന്നും വൻതോതിലുള്ള സ്വീകരണമാണ് ലഭിച്ചതെന്നും വരുംനാളുകളിൽ ഇത്തരത്തിലുള്ള പ്രദർശനം മണ്ഡലങ്ങളിൽ സംഘടിപ്പിക്കാൻ താൽപ്പര്യമുള്ള അംഗങ്ങൾ സെപ്റ്റംബർ 30-നകം നിയമസഭാ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് സഭയെ അറിയിക്കുകയും സമ്മേളന നടപടികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ ഓണാശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.27-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.

***************